6acc
4/9/13

# കേരള സർക്കാർ

നമ്പർ.53100/ഡിഡി2/2013/തസ്വഭവ

തസ്വഭവ (ഡിഡി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 26.08.2013

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി പ്രകൃതി ദുരന്തം - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽപ്പെടുത്തി പ്രവൃത്തികൾ ചെയ്യുന്നത് സംബന്ധിച്ച്.

പ്രളയവും ഉരുൾപൊട്ടലും മൂലം ഇടുക്കി ജില്ലയിൽ വ്യാപകമായി മണ്ണിടിച്ചിലും കൃഷിനാശവും സംഭവിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിൽ കൃഷിസ്ഥലങ്ങളിൽ ഒറ്റത്തവണ ഭൂമി ഒരുക്കലിന്റെ ഭാഗമായി മണ്ണ് കോരിമാറ്റാനും കൃഷിയോഗ്യമാക്കാനും ഉള്ള പ്രവൃത്തികൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്യാൻ ജില്ലാകളക്ടർക്കും ജില്ലയിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും നിർദ്ദേശം നൽകുന്നു. പട്ടയമില്ലെങ്കിലും കൈവശഭൂമിയിൽ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ അനുമതി നൽകുന്നു.

ജെയിംസ് വർഗീസ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ജില്ലാകളക്ടർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ